# എമ്മവുസ്സിലേക്കുള്ള വഴി

## (ലൂക്കൊാസ് 24:13-36)

ഞാൻ കുട്ടിയായിരുന്നപ്പോൾ ''റോഡു'' സംബന്ധമായ സിനിമകൾ എനിക്കിഷ്ടമായിരുന്നു: (1941)ൽ ഇറങ്ങിയ "റോഡ് ടു സാൻസിബാർ," (1942)ൽ ഇറങ്ങിയ "റോഡ് ടു മൊറോക്കോ," (1952)ലെ "റോഡ് ടു ബാലി" തുടങ്ങിയ സിനിമകൾ ഇതിൽപെടുന്നു. ലൂക്കൊസ് 24-ാംഅദ്ധ്യായ ത്തിൽ ബൈബിളിലും ഇത്തരം "റോഡ് സംഭവമുണ്ട്." വളരെക്കാല ത്തിനു മുമ്പു ഞാൻ ഇഷ്ടപ്പെട്ട തമാശപ്പടം പോലെയല്ല ലൂക്കൊസ്24 ലേത്,മറിച്ച് മനോഹരമായ ചലിക്കുന്ന സംഭവമാണ്, വിസ്മയാവഹ മായ ആത്മീയമായ സൂചനകൾ അടങ്ങുന്നതാണ്.

നമ്മുടെ ഈ വേദഭാഗത്തിൽ നിന്നു ഞാൻ എടുക്കുവാൻ ആഗ്രഹിക്കുന്ന സന്ദേശം 21-ാംവാക്യത്തിലേതാണ് ക്ലെയൊപ്പാവും സ്നേഹിതനും പറഞ്ഞതു, ''അവൻ യിസ്രായേലിനെ വീണ്ടേ ടുപ്പാനുള്ളവൻ എന്നു ആശിച്ചിരുന്നു."[1] (എംഫസിസ്മൈൻ) പ്രത്യാ ശയുള്ള ഒന്നാണ് ഈ വേദഭാഗത്തിലെ സന്ദേശം. നമ്മുടെ പാഠത്തിൽ നാം *പ്രത്യാശ* ശമിപ്പിക്കുന്നതും പിന്നെ നവീകരിക്കുന്നതുമാണ്.

### പ്രത്യാശ അപഹരിക്കപ്പെട്ടു.
### (ലൂക്കൊസ് 24:13, 14)

ഉയിർത്തെഴുന്നേല്പിനെക്കുറിച്ചുള്ള ലൂക്കൊസിന്റെ വിവരണം നാം പഠിക്കുമ്പോൾ ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിൽ അതിരാവിലെ കല്ലറെക്കൽ എത്തിയ സ്ത്രീകൾ ദൈവദൂതന്മാരുടെ പ്രത്യക്ഷതക്കു സാക്ഷ്യം വഹിച്ചു എന്നാണ് വായിക്കുന്നത് (വാക്യം 1-7); സ്ത്രീകൾ ഈ വിവരം "പതിനോരുവരോടും ശേഷം" (വാക്യം 9) പേരോടും അറിയിച്ചപ്പോൾ, പത്രൊസ് കല്ലറയിലേക്കു ഓടി, കല്ലറ ശൂന്യമായി കണ്ടു (വാക്യം 12). 13-ാംവാക്യത്തിന്നു മുൻപു നാം ഉയിർത്തെഴു ന്നേല്പിന്റെ പ്രത്യക്ഷത വായിക്കുന്നില്ല.[2] ഇതു ആദ്യത്തേതാകുന്നു.

നമ്മുടെ സംഭവം ആരംഭിക്കുന്നത് "അന്നു തന്നെ അവരിൽ രണ്ടു

പേർ യെരുശലേമിൽ നിന്നു ഏഴു നാഴിക ദൂരമുള്ള എമ്മവുസ് എന്ന ഗ്രാമത്തിലേക്കു പോകയിൽ" (വാക്യം 13). സ്ത്രീകൾ ശൂന്യമായ കല്ലറ കണ്ടതു പകൽ സമയത്തായിരുന്നു. "അവർ രണ്ടുപേരും" എന്ന വാക്കു വലിയ കൂട്ടം ശിഷ്യഗണങ്ങളിൽ ഉൾപ്പെടുന്ന രണ്ടു പേരാണെന്നു നമുക്കറിയാം. 9-ാംവാക്യത്തിൽ "മുതലായ എല്ലാവരോടും" എന്നു പറഞ്ഞിട്ടുണ്ട്. ഒരാളുടെ പേർ ക്ലെയൊപ്പാവു (വാക്യം 18).[3] മറ്റെ ആളുടെ പേർ നമ്മോടു പറ ഞ്ഞിട്ടില്ല. ഒരുപക്ഷേ അതു ക്ലെയോപ്പാവിന്റെ ഭാര്യയാകാം.[4] അവർ യെരുശലേമിൽനിന്നു അവരുടെ വീടു[5] സ്ഥിതി ചെയ്യുന്ന ചെറിയ ഗ്രാമമായ എമ്മവുസിലേക്കുള്ള യാത്രയിലായിരു ന്നു.[6]

"വീട്ടിലേക്കു പോകൽ" - പ്രത്യേകതയുള്ള വാക്കുകൾ. ഞാൻ വീട്ടിൽ നിന്നകലെ ആയിരിക്കുമ്പോൾ മടങ്ങി വരുന്നതി നുള്ള ദിവസങ്ങൾ എണ്ണിക്കൊണ്ടിരിക്കും.[7] ഈ രണ്ടു പേരും ആ സന്തോഷത്തിലാണെന്നു നമുക്കു വേണമെങ്കിൽ ഊഹിക്കാം. അവർക്കു ചുറ്റും വസന്തത്തിന്റെ മനോഹാരിതയാണ്. പുല്ലുകൾ പച്ചയായി മാറി, വൃക്ഷങ്ങൾ വികസിച്ചിരുന്നു, പുഷ്പങ്ങൾ വിടരുവാൻ തുടങ്ങുന്നു, പക്ഷികൾ പാടിക്കൊണ്ടിരിക്കുന്നു. ഈ രണ്ടു ശിഷ്യന്മാർ അതൊന്നും കണ്ടില്ല. അവർ നടന്നു കൊണ്ടിരുന്നു. അവരുടെ കണ്ണുകൾ നിറഞ്ഞിരുന്നു. അവർ ഒരു ശവസംസ്ക്കാരം കഴിഞ്ഞ് വീട്ടിലേക്കു പോകുകയായിരുന്നു. അനേകർ ഈ വഴിയിലൂടെ നടന്നു പോയിട്ടുണ്ട്. ദശലക്ഷക്കണക്കിനു കാലടികളുടെ ചവുട്ടേറ്റു വഴി കടുപ്പമുള്ളതായി തീർന്നു. കോടിക്കണക്കിനു കണ്ണുനീരും ഈ വഴിയിൽ വീണിരിക്കും. അവർ ഇഷ്ടപ്പെട്ട വെറുമൊരാളുടെ സംസ്ക്കാരം കഴിഞ്ഞല്ല അവർ പോകുന്നത്;[8] അവർ പ്രത്യാശയും വിശ്വാസവും അർപ്പിച്ചിരുന്ന യേശുവിന്റെ സംസ്ക്കാരം കഴിഞ്ഞാണ് അവർ തിരിച്ചു പോകുന്നത്. അങ്ങനെ അവർ മന്ദമായി വിഷാദത്തോടെ നടന്നു നീങ്ങി.

അവർ പോകയിൽ "ഈ സംഭവത്തിനെക്കുറിച്ചൊക്കെയും തമ്മിൽ സംസാരിച്ചുകൊണ്ടിരുന്നു" (വാക്യം 14). "ഒക്കെയും" എന്ന വാക്കു ശ്രദ്ധിക്കുക. അവർ യേശുവിന്റെ മരണത്തെ ക്കുറിച്ചു മാത്രമല്ല, അവർ ആ സ്ത്രീകളിൽ നിന്നു കല്ലറയെക്കുറിച്ച് ലഭിച്ച അമ്പരപ്പിക്കുന്ന വിവരം, പത്രോസും യോഹന്നാനും കണ്ട ശൂന്യമായ കല്ലറ എന്നിവയും സംസാരത്തിൽ വന്നിരുന്നു. 15-ാം വാക്യം പറയുന്നതു, "അവർ സംസാരിച്ചും തർക്കിച്ചും കൊണ്ടിരുന്നു" എന്നാണ്. 17-ാം വാക്യത്തിൽ കാണുന്നതു"അവർ വാദിച്ചു [വാക്കുകൾ] കൊണ്ടിരുന്നു" എന്നാണ്. ഒരാൾ ബോൾ തട്ടുന്നതുപോലെ അവർ അങ്ങോട്ടു മിങ്ങോട്ടും വാക്കുകൾ തട്ടിക്കൊണ്ടിരുന്നു എന്ന് മൂലഭാഷയിൽ പറയുന്നു. അവർ സംസാരിച്ചും തർക്കിച്ചും വാദിച്ചും കൊണ്ടാണ് പോയത്. അവർ പറഞ്ഞതെല്ലാം ആവർത്തിച്ചു കൊണ്ടിരുന്നതല്ലാതെ അന്തിമ തീരുമാനത്തിൽ എത്തിയില്ല.

ഇത്തരം വഴിയിലൂടെ നമ്മിൽ പലരും യാത്ര ചെയ്തിട്ടുണ്ട്. നാം തനിയെ ദുഃഖിച്ചുപോയിട്ടുണ്ട്. ഈ സമയത്തു നാം വിചാരിച്ചത് ദൈവം മരിച്ചിട്ടില്ലെങ്കിലും അവൻ ദൂരെ എവിടെയെങ്കിലും ആയിരിക്കുമെന്നാണ്. നാം ചിന്താക്കുഴപ്പത്തിലും സംശയത്തിലും പ്രത്യാശ കൈവിട്ട പോലെയായി നമ്മുടെ ഹൃദയങ്ങൾ. കൂടാതെ നാം ഓരോന്നും കാര്യകാരണസഹിതം വിവേചിക്കാൻ ശ്രമിക്കുമ്പോൾ നാം കൂടുതൽ കലക്കത്തിലായി. ഈ രണ്ടു ശിഷ്യന്മാർ എമ്മവുസിലേക്കു പോയപ്പോൾ സംഭവിച്ചതുപോലെ നാം ഇടർച്ചാവാതിലിൽ കൂടെ നടന്നു.

## പ്രത്യാശ വീണ്ടും ജ്വലിപ്പിച്ചു (ലൂക്കൊസ് 24:15-17)

"സംസാരിച്ചും തർക്കിച്ചും കൊണ്ടിരിക്കുമ്പോൾ യേശു താനും അടുത്തു ചെന്നു അവരോടു ചേർന്നു നടന്നു" (വാക്യം 15). അവർ പതുക്കെ നടന്നുകൊണ്ടിരുന്നപ്പോൾ അവരുടെ പുറകിൽ കാലടികളുടെ ശബ്ദം കേട്ടു. ഒരുപക്ഷേ അവർതിരിഞ്ഞു നോക്കിയപ്പോൾ ഒരു അപരിചിതൻ എന്നു തോന്നിയിരിക്കാം. അവർ കുറച്ചു കൂടെ വേഗത്തിൽ നടന്നു. പെട്ടെന്നു അപരിചിതൻ അവ രുടെ പുറകിൽ എത്തി.

വാക്യം 16പറയുന്നതു, ‘‘അവനെ അറിയാത്തവണ്ണം അവരുടെ കണ്ണു നിരോധിച്ചിരുന്നു" എന്നാണ്. അക്ഷരികമായി, "അവർ അറിയാതിരിക്കുന്നതിന് അവരുടെ കണ്ണുകളെ *തടഞ്ഞിരുന്നു*"[9] എന്തുകൊണ്ടാ ണ് അവർ യേശുവിനെ തിരിച്ചറിയാതിരുന്നതു എന്നു എനിക്കറിഞ്ഞു കൂടാ. ഒരുപക്ഷെ "നിരോധിച്ചിരുന്നു" എന്നത് ദൈവിക ഇടപെടൽ ആയിരുന്നിരിക്കാം. ശരിയായ സമയം ആകുന്നതു വരെ അവർ യേശുവിനെ തിരിച്ചറിയാതിരിക്കേണ്ടതിന്നു ദൈവം മനഃപ്പൂർവ്വം അസാദ്ധ്യമാക്കിയതാകാം (31-ാംവാക്യം ശ്രദ്ധിക്കുക).

അവർ തിരിച്ചറിയാതിരിക്കാനുള്ള കാരണത്തിനുള്ള മറ്റൊരു സാദ്ധ്യത ഉയിർത്തെഴുന്നേല്ക്കുന്നതിനു മുൻപുള്ള ശരീരമല്ല, ഉയിർത്തെഴുന്നേല്പ്പിനു ശേഷമുള്ള ശരീരം. മർക്കൊസ് എഴുതി, ‘‘പിന്നെ അവരിൽ രണ്ടു പേർ നാട്ടിലേക്കു പോകുമ്പോൾ അവൻ[യേശു]*മറ്റൊരു രൂപത്തിൽ* അവർക്കു പ്രത്യക്ഷനായി’’ (മർക്കൊസ് 16:12; എംഫസിസ്മൈൻ). മുൻപുണ്ടായിരുന്ന അവന്റെ ശരീരത്തിൽ നിന്നു വ്യത്യ സ്തമാണ് ഉയിർത്തെഴുന്നേറ്റ ശരീരം എന്നു നമുക്കറിയാം (1 കൊരിന്ത്യർ 15:44). ഉദാഹരണത്തിനു അവന്റെ ഉയിർത്തെഴുന്നേറ്റ ശരീരത്തിനു പൂട്ടിയിട്ട വാതിലിനകത്തു പ്രവേശിക്കാൻ കഴിഞ്ഞി രുന്നു. മറ്റു ചിലരും അവനെ ആദ്യം തിരിച്ചറിഞ്ഞില്ല എന്നു നമുക്കറിയാം (യോഹന്നാൻ 20:14; 21:4; മത്തായി 28:17): മഗ്ദലക്കാരി മറിയ കല്ലറക്കൽ, ശിഷ്യന്മാർ ഗലീലക്കടൽക്കരയിൽ[10] ഒരുപക്ഷേ അവർ

തങ്ങളുടെ പ്രിയപ്പെട്ട യേശുവിനെ തിരിച്ചറിയാതിരിക്കാനുള്ള കാരണം ഇതാകാം.

ഞാൻ കരുതുന്നതു ഈ രണ്ടു ശിഷ്യന്മാരുടെ ഉള്ളിലെ പ്രശ്നങ്ങളുടെ ഒരു ഭാഗം അവരുടെ കണ്ണുകളിൽ നിറഞ്ഞു നിൽക്കുന്ന കല്ലറയും വലിയ കല്ലും ചുവന്ന റോമാമുദ്രയും എല്ലാമാണ്. അതുകൊണ്ടു ഉയിർത്തെഴുന്നേറ്റ യേശുവിനെ അവർക്കു കാണാൻ കഴിഞ്ഞില്ല.തന്റെ മരണത്തെയും തുടർന്നുള്ള ഉയിർത്തെഴുന്നേല്പ്പിനേയും അവന്റെ അനുയായികളോടു മുൻകൂട്ടി അറിയിച്ചിരുന്നു.[11] ഉദാഹരണത്തിനു, മറുരൂപമലയിൽ നിന്നു ഇറങ്ങി വന്നപ്പോൾ അവൻ തന്റെ ശിഷ്യന്മാരോടു, "മനുഷ്യപുത്രൻ മരിച്ചവരുടെ ഇടയിൽ നിന്നു ഉയിർത്തെഴുന്നേല്ക്കുംവരെ ഈ ദർശനം ആരോടും പറയരുത് എന്നു കല്പിച്ചു" (മത്തായി 17:9). പിന്നീട് ഇതേ അദ്ധ്യായത്തിൽ അവൻ പറഞ്ഞതു, "മനുഷ്യപുത്രൻ മനുഷ്യ രുടെ കയ്യിൽ ഏല്പിക്കപ്പെടുവാനിരിക്കുന്നു. അവർ അവനെ കൊല്ലുകയും മൂന്നാം നാൾ അവൻ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും" (മത്തായി 17:22, 23). മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ ദൈവിക പരിപാടിയനുസരിച്ചു താൻ എവിടെ ആയിരിക്കണമോ അവിടെയായിരുന്നു. ദുരഭിമാനം, കാര്യങ്ങളെ മനസിലാക്കാതിരിക്കാൻ കണ്ണുകളെ അടച്ചുകളയും (മത്തായി 13:15). മശിഹയ്ക്കു എങ്ങനെ *മരിക്കാൻ* കഴിയും എന്നു മനസ്സിലാക്കാൻ കഴിയാത്ത അവസ്ഥയാകാം അവർക്കു യേശുവിനെ തിരിച്ചറിയാൻ "തടസ്സം" ആയിരുന്നത്.

കാരണം എന്തായാലും അവർ അവനെ തിരിച്ചറിഞ്ഞില്ല,[12] യേശു അവരുടെ കണ്ണുകൾ തുറപ്പാനും അവരുടെ മനസിലാക്കൽ പ്രകാശിപ്പിക്കാനും പോകുന്നു. "അവൻ അവരോടു, 'നിങ്ങൾ വഴി നടന്നു തമ്മിൽ വാദിക്കുന്ന ഈ കാര്യം എന്തു?' എന്നു ചോദിച്ചു അവർ വാടിയ മുഖത്തോടെ നിന്നു'' (വാക്യം 17) യേശുവിന്റെ വാക്കുകൾ അവരുടെ യാത്രയെ നിർത്തി ഒരുപക്ഷേ അവർക്കു ക്ഷണനേരത്തേ ക്കു തടസ്സം നേരിട്ടു. ദുഃഖം രഹസ്യമായ ഒന്നാണ്. നമ്മുടെ ഹൃദയത്തിൽ ദുഃഖം നിറഞ്ഞിരിക്കുമ്പോൾ അപരിചിതരോടു നമ്മിൽ അധികം പേരും സംസാരിക്കാൻ കൂട്ടാക്കാറില്ല.

ക്ലെയൊപ്പാവ് അവസാനം മറുപടി പറഞ്ഞു: ''യെരുശലേമിലെ പരദേശികളിൽ നീ മാത്രം ഈ നാളുകളിൽ അവിടെ സംഭവിച്ചകാര്യം അറിയാതിരിക്കുന്നുവോ എന്നു ഉത്തരം പറഞ്ഞു?'' (വാക്യം 18). അല്പം ശാസന അവന്റെ വാക്കുകളിൽ അടങ്ങിയിരിക്കുന്നു, രാജ്യത്തിൽ ഏറ്റവും അറിയപ്പെടാതിരിക്കുന്നവർ അപരിചിതരാണ് എന്നു സൂചിപ്പിക്കുന്നു! "ഒന്നും മറവായിരിക്കുന്നില്ല ... അതു ഒരു കോണിൽ [നടന്നതല്ല]" (പ്രവൃത്തി 26:26). തങ്ങൾ ക്കരികിൽ നില്ക്കുന്ന ഈ മനുഷ്യൻ മാത്രം ഈ സംഭവിച്ചതു അറിയാതിരിക്കുന്നതു

ക്ലെയൊപ്പാവിനു വിശ്വസിക്കാൻ കഴിഞ്ഞില്ല.

യേശു അതിനു പ്രതികരിച്ചില്ല. പകരം അവരോടു, "ഏതു എന്നു ചോദിച്ചു?" (വാക്യം 19). അവർ അവനോടു "ദൈവത്തിന്നും സകല ജനത്തിനും മുമ്പാകെ പ്രവൃത്തിയിലും വാക്കിലും ശക്തിയുള്ള പ്രവാചകനായിരുന്ന 'നസറായനായ[13] യേശുവിനെക്കുറിച്ചുള്ളതു തന്നെ'" (വാക്യം 19). ആ ശിഷ്യന്മാരുടെ വിശ്വാസ നിലവാരം ശ്രദ്ധിക്കുക. യേശു ഒരു പ്രവാചകനായിരുന്നു എന്നവർ വിശ്വസിച്ചിരുന്നു - അവൻ മോശെയെപ്പോലെ (പ്രവൃത്തി 3:22; 7:37). അവൻ വാക്കിലും പ്രവൃത്തിയിലും ശക്തനായിരുന്നു. എന്നും അവർ വിശ്വസിച്ചു അവർ അവന്റെ അത്ഭുതങ്ങൾ കണ്ടിരുന്നു; അവന്റെ ഉപദേശവും കേട്ടിരുന്നു. എങ്കിലും അവരുടെ വിശ്വാസം കുറഞ്ഞുപോയി. യേശു ആരായിരുന്നു എന്നതു അവർക്കു പൂർണ്ണമായി മനസിലായില്ല എല്ലാം ചെയ്യാൻ അവനു കഴിയും - എന്നും അവർ മനസിലാക്കിയില്ല.

അറിവു "ലഭിക്കാത്ത" ഈ അപരിചിതനോടു ക്ലെയോപ്പാവു വിവരണം തുടർന്നു: "നമ്മുടെ മഹാപുരോഹിതന്മാരും പ്രമാണികളും അവനെ മരണവിധിക്കു ഏല്പിച്ചു ക്രൂശിച്ചു" (വാക്യം 20).[14] പിന്നെ അവൻ വ്യസനത്തോടെ പറഞ്ഞു, "ഞങ്ങളോ അവൻ യിസ്രായേലിനെ വീണ്ടെടുപ്പാനുള്ളവൻ എന്നു ആശിച്ചിരുന്നു" (വാക്യം 21) ഒരുപക്ഷേ യേശു ഒരാഴ്ച മുൻപ് യെരുശലേമിലേക്കു പ്രവേശിച്ചപ്പോൾ അവന്നു ഉച്ചത്തിൽ "ഹോശന്നാ!" പാടിയവരുടെ കൂട്ടത്തിൽ ഇവരും ഉണ്ടായിരുന്നിരിക്കാം. അവരുടെ പ്രതീക്ഷകൾ ഉയർന്നതായിരുന്നു. പക്ഷേ പിന്നീട് അവർ തകർന്നുപോയി. "യിസ്രായേലിനെ വീണ്ടെടുപ്പാനുള്ളവൻ" സൂചിപ്പിച്ചതു ആത്മീയ വീണ്ടെടുപ്പല്ല, മറിച്ചു ഭൗതിക വീണ്ടെടുപ്പാണ്. അവർ പ്രതീക്ഷിച്ചതു മശിഹ വളരെ ആരവത്തോടും ശക്തിയോടും കൂടെ വരുമെന്നാണ്. അങ്ങനെ വന്നു റോമാഭരണത്തെ ഇല്ലാതാക്കി യിസ്രായേലിനെ വിടുവിക്കും എന്നവർ കരുതി. ക്രൂശ് അവരുടെ സ്വപ്നത്തിനു പൊരുത്തപ്പെടുന്നതായിരുന്നില്ല. "ആശിച്ചിരുന്നു" എന്ന വാക്ക് ഭൂതകാലത്തിലാണ് ഉപയോഗിച്ചിരുന്നത്. അവരുടെ ആശയെല്ലാം നിഷ്ഫലമായി.

ഒരുപക്ഷേ നമ്മുടേയും ആശ തകർന്നടിഞ്ഞു പോയിട്ടു ണ്ടാകാം. ഇതല്ലെങ്കിൽ അതു സംഭവിക്കുമെന്നു നാം പ്രതീക്ഷിച്ചിരുന്നു - സംഭവിച്ചേക്കാമെന്ന ആശയുമുണ്ടായിരുന്നു. എന്നാൽ പ്രതീക്ഷപോലെ ഒന്നും സംഭവിച്ചിട്ടില്ല - നിരാശ നമ്മെ കീഴ്പ്പെടുത്തി.

വീണ്ടും ക്ലെയൊപ്പാവ് തുടങ്ങുന്നതിന്നു മുൻപ് തലകുലുക്കി കാണുമെന്നു ഞാൻ കരുതുന്നു: "അത്രയുമല്ലഇതു സംഭവിച്ചിട്ടു ഇന്നു മൂന്നാം നാൾ ആകുന്നു" (വാക്യം 21) നിങ്ങളും ഞാനും "മൂന്നാം നാൾ", എന്ന പ്രയോഗം വായിക്കുമ്പോൾ അതിന്നു നമുക്കു പ്രത്യേക

അർത്ഥമുണ്ട്. ''മൂന്നാം നാൾ - ആ ദിവസമാണ് താൻ മരിച്ചവരിൽനിന്നു ഉയിർത്തെഴുന്നേൽക്കുമെന്നു കർത്താവു പറഞ്ഞതു!''[15] ക്ലെയൊപ്പാവ് അർത്ഥമാക്കിയതു അതായിരുന്നില്ല. അവൻ പറഞ്ഞു, ''യേശു മരിച്ചിട്ടു *നാളുകളായി* എന്തെങ്കിലും സംഭവിക്കുമെന്നു കരുതി ഞങ്ങൾ കാത്തി രുന്നു എന്നാൽ ഇതുവരെ ഒന്നും സംഭവിച്ചില്ല. ഇപ്പോൾ *മൂന്നാം ദിവസ വും* കഴിയാറായി - ഇരുട്ടിത്തുടങ്ങി - ഒന്നും സംഭവിച്ചില്ല. അതുകൊണ്ടു ഞങ്ങൾ വീട്ടിലേക്കു പോകുന്നു."

നാം മനസിലാക്കേണ്ടതുപോലെ മനസിലാക്കിയില്ലെങ്കിൽ നമ്മുടെ കാഴ്ചപ്പാട് മൂടപ്പെട്ട് ആശ ഇല്ലാതാകും.

ഈ രണ്ടു ശിഷ്യന്മാർ നിരാശപ്പെടുക മാത്രമല്ല, വിഷണ്ണരായി, അവർ കലക്കത്തിലുമായി; ക്ലെയോപ്പാവ് അവരുടെ കലക്കം ഈ വാക്കുകളിൽ പ്രകടിപ്പിച്ചു:

> ഞങ്ങളുടെ കൂട്ടത്തിൽ ചില സ്ത്രീകൾ രാവിലെ കല്ലറക്കൽപോയി അവന്റെ ശരീരം കാണാതെ മടങ്ങി വന്നു, അവൻ ജീവിച്ചിരിക്കുന്നു എന്നു പറഞ്ഞ ദൂതന്മാരുടെ ദർശനം കണ്ടു എന്നു പറഞ്ഞു ഞങ്ങളെ ഭ്രമിപ്പിച്ചു (വാക്യം 22, 23).

വാക്യം 11 പറയുന്നത്, "പതിനൊരുവരുടെ അടുക്കലും മറ്റുള്ളവ രോടും സ്ത്രീകൾ വന്നു ഇതു പറഞ്ഞപ്പോൾ അവർക്കു ഇതു വെറും കഥ പോലെ തോന്നി. അവർ വിശ്വസിച്ചില്ല" (വാക്യം 8). "അവർക്കു അതു, സ്ത്രീകൾ സമയം കളയാൻ പറയുന്നതാകുമെന്നു കരുതി വിശ്വസിച്ചില്ല." കെജെവിയിൽ "അവർ പറഞ്ഞത് വെറും കഥകൾ" - കെട്ടിച്ച മച്ച വ്യർത്ഥമായ കഥകൾ പോലെ തോന്നി.

ഇന്നു, അവിശ്വാസികൾ പറയുന്നതു ശിഷ്യന്മാർ വളരെ എളുപ്പ ത്തിൽ കബളിപ്പിക്കപ്പെടാൻ ഇടയുണ്ട്. ഉയിർത്തെഴുന്നേല്പിനെ നിർദ്ദേ ശിച്ചിരുന്നതു എന്തും അവരിൽ നിന്നു പിടിച്ചുപറിച്ചേക്കാം. സത്യം എന്തെന്നാൽ ശിഷ്യന്മാർ ഉയിർത്തെഴുന്നേല്പ് പ്രതീക്ഷിച്ചിരുന്നില്ല എന്നാണ്. അവരെ ബോധ്യപ്പെടുത്താൻ ശക്തമായ തെളിവു വേണ്ടി വന്നു!

ക്ലെയോപ്പാവ് തന്റെ വിവരണം അവസാനിപ്പിച്ചു: ''ഞങ്ങളുടെ കൂട്ടത്തിൽ ചിലർ കല്ലറക്കൽ ചെന്നു സ്ത്രീകൾ പറഞ്ഞതു പോലെ തന്നേ കണ്ടു" (വാക്യം 24). ഇതു പത്രൊസിനേയും യോഹന്നാനേയും ആണ് ഉദ്ദേശിച്ചത് (ലൂക്കൊസ് 24:12; യോഹന്നാൻ 20:1-10). ക്ലെയോപ്പാവും കൂടെ ഉണ്ടായിരുന്ന ആളും ഇതൊരു മർമ്മമായി സമ്മതിക്കുന്നുണ്ട്. കല്ലറ ശൂന്യമായിരുന്നു. യേശുവിന്റെ ശരീരം അപ്രത്യക്ഷമായി അതിന്നു എന്തു സംഭവിച്ചു എന്നവർക്കു അറിയില്ല.

എങ്കിലും ഇതൊരു തെളിവായി അവർ പരിഗണിച്ചില്ല. മറിച്ച് ഇതു അവരെ അമ്പരപ്പിച്ചു.[16]

യേശു ക്ഷമയോടെ അവരെ ശ്രദ്ധിച്ചു. ഇപ്പോൾ യേശു പറഞ്ഞ ആദ്യവാക്കുകൾ ക്ലെയോപ്പാവിനെയും കൂടെ ഉണ്ടായിരുന്ന ആളെയും അതിശയിപ്പിച്ചു കാണും. ''അവൻ അവരോടു: 'അയ്യോ ബുദ്ധിഹീനരേ,[17] പ്രവാചകന്മാർ പറഞ്ഞിരിക്കുന്നത് എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ!' '' (വാക്യം 25). ഗ്രീക്കിലെ നാലു വാക്കുകളുടെ അർ ത്ഥം''ബുദ്ധിഹീനർ.'' യേശു ഉപയോഗിച്ച വാക്ക് ഏറ്റവും ബലഹീനവും കുറഞ്ഞ കുറ്റകരവുമായ ഉപയോഗമായിരുന്നു.[18] വേറൊരു തർജിമ പറയുന്നതു ''നിങ്ങൾ എത്ര മന്ദതയുള്ളവർ'' എന്നാണ്. മറ്റൊന്നു പറയുന്നതു, ''നിങ്ങൾ എത്ര സങ്കുചിതർ'' എന്നാണ്. യേശുവിന്റെ വാക്കുകൾ തർജ്ജിമ ചെയ്താലും അതു ആശംസ ആയിരുന്നില്ല!

ഈ വാക്കുകൾ യേശു പറഞ്ഞതു കഠിനമായിട്ടാണ് എന്നു ഞാൻ കരുതുന്നില്ല. തന്റെ ശബ്ദത്തിൽ ദുഃഖത്തോടെ മൃദുവായിട്ടായിരിക്കും യേശു സംസാരിച്ചത്. ശിഷ്യന്മാർ – യേശുവിന്റെ എല്ലാ ശിഷ്യന്മാരും – മശിഹയെയും അവന്റെ ദൗത്യത്തെയും മനസിലാക്കുവാൻ എല്ലാ അവസരവും കൊടുത്തു. മനുഷ്യരുടെ പാപങ്ങൾക്കു വേണ്ടി മശിഹ കഷ്ടം സഹിക്കേണ്ടതു ആവശ്യമാണെന്നു പ്രവാചകന്മാർ വ്യക്ത മാക്കിയിരുന്നു. സാത്താന്റെ ശക്തിയെ തകർക്കുവാൻ അവന്റെ കുതി കാൽ തകർക്കേണ്ടതു ആവശ്യമാണെന്ന് ആദ്യത്തെ പ്രവചനം പറയുന്നു, ഉല്പത്തി 3:15. സങ്കീർത്തനങ്ങൾ22ൽഅവന്റെ കാലുകളും കൈകളും തുളച്ചു (വാക്യം 16). ''എന്റെ ദൈവമേ, എന്റെ ദൈവമേ നീ എന്നെ കൈവിട്ടതെന്ത്?'' എന്നു യേശു ക്രൂശിന്മേൽ കിടന്നു പറഞ്ഞു: (വാക്യം 1). കഷ്ടത ഏല്ക്കുന്ന ദാസന്റെ ചിത്രം കേന്ദ്രീകരിച്ചുള്ളതാണ് യെശയ്യാവ് 53 ൽ രേഖപ്പെടുത്തിയിരിക്കുന്നത്, വാക്യം 5 പറയുന്നു ''അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും ഇരിക്കുന്നു''.

ശിഷ്യന്മാരുടെ പ്രശ്നത്തിനു വേണ്ടി അടിവരയിട്ടിരിക്കയാണ് "ഒക്കെയും" എന്ന വാക്കിനാൽ: "അയ്യോ ബുദ്ധിഹീനരേ, പ്രവാച കന്മാർ പറഞ്ഞിരിക്കുന്നതു എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ!" പ്രവാചകന്മാർ പറഞ്ഞതിലെ ഒരു ഭാഗം ശിഷ്യന്മാർ വിശ്വസിച്ചിരുന്നു; മശിഹ കഷ്ടം ഏല്ക്കുന്നതിനെക്കുറിച്ചുള്ള പ്രവചനം അവർക്കിഷ്ടമായിരുന്നില്ല. അവർ ബർട്ടൺ കോഫ്മാൻ പറഞ്ഞതു പോലെ അവർ വചനത്തെ സമീപിച്ചതു "കത്രികയും പശയും" എന്ന രീതിയിലായിരുന്നു.[19]

ഇന്നും ധാരാളംപേർ ദൈവവചനത്തെ സമീപിക്കുന്നതു "കത്രികയും പശയും" പോലെയാണ്. അവർക്കു ബൈബിളിൽ പറ

യുന്ന ദൈവസ്നേഹം വേണം. എന്നാൽ ദൈവകോപത്തെ അവർ എടുക്കുകയില്ല. ദൈവത്തെ സ്നേഹിക്കുക എന്ന ആശയം അവർക്കിഷ്ടമാണ്. പക്ഷേ അവനെ ഭയപ്പെടുക എന്നതു അസ്വീകാര്യമാണ്. ബൈബിൾ പഠിപ്പിക്കുന്ന നിത്യസ്വർഗ്ഗം സ്വാഗതം ചെയ്യും. എന്നാൽ നിത്യനരകം എന്നതു മാറ്റികളയും. ഫലത്തിൽ യേശു പറഞ്ഞതു ദൈവം പറഞ്ഞ*തെല്ലാം* നാം സ്വീകരിക്കുന്നില്ലെങ്കിൽ നാമും "ബുദ്ധിഹീനരും മന്ദബുദ്ധികളും"ആണ്!

യേശു തുടർന്നു: "ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ടു തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ [മശിഹാ[20]] എന്നു പറഞ്ഞു?" (വാക്യം 26). ''വേണ്ടത്'' എന്നതിന്റെ ഗ്രീക്കുവാക്കായ *ഡേയി* എന്നതിന്റെ അർ ത്ഥം *തികച്ചും ആവശ്യമായ*തു എന്നാണ്. ക്രൂശ് തിരഞ്ഞെടുക്കാവുന്ന ഒന്നല്ല; മനുഷ്യനെ വീണ്ടെടുക്കാനുള്ള പദ്ധതിയിൽ അത്യന്താ പേക്ഷിതമായ ഒന്നായിരുന്നു അത്!

മശിഹ *കഷ്ടം* ഏല്ക്കണം എന്ന ആശയമാണ് ശിഷ്യന്മാർക്കു ഉൾക്കൊള്ളാൻ കഴിയാതിരുന്നത്. "കഷ്ടം അനുഭവിക്കുന്ന മശിഹ" എന്ന പ്രയോഗം അവർക്കു വൈപരീത്യം പോലെ തോന്നി. റബ്ബിമാർ കഷ്ടതയേൽക്കുന്ന ദാസനെ കുറിച്ചു യെശയ്യാവ് 53 ൽ പറയുന്നതു അവർ മശിഹക്കുള്ള മഹത്വമായി അവർ അതിനെ എടുക്കും. എന്നാൽ കഷ്ടതയെഹൂദജനത്തിനായിട്ടുള്ളതായി എടുക്കും. അതുകൊണ്ടു പൗലൊസ് പറഞ്ഞു. ക്രൂശ് യെഹൂദന്മാർക്കു ''ഇടർച്ചയാകുന്നു'' (1 കൊരിന്ത്യർ 1:23). കഷ്ടതയും മഹത്വവും യോജിച്ചിരിക്കുന്നു എന്നാണ് യേശു സൂചിപ്പിച്ചത് – വാസ്തവത്തിൽ *മഹത്വത്തിലേക്കുള്ള* വഴിയാണ് കഷ്ടത. ആദ്യം ക്രൂശ് സ്വീകരിച്ചില്ലെങ്കിൽ കിരീടം കിട്ടുകയില്ല.[21]

ഈ ശിഷ്യന്മാരെ വിശ്വസിപ്പിക്കുവാൻ യേശുവിന്നു എന്തു ചെയ്യുവാൻ കഴിഞ്ഞു? "മോശെ തുടങ്ങി സകല പ്രവാചകന്മാരിൽ നിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളതു അവ ർക്കു വ്യാഖ്യാനിച്ചു കൊടുത്തു" (വാക്യം 27). യേശുവിന്റെ സാന്നിദ്ധ്യം ശക്തമായിരുന്നതുപോലെ അവൻ അപ്പോഴും തിരുവെഴുത്തിലേക്കു അവരെ ആഹ്വാനം ചെയ്തു. നാമും അങ്ങനെ ചെയ്യണം (റോമർ 10:17)!

പഴയനിയമം എടുത്തുകൊണ്ടു ആ ശിഷ്യന്മാരോടു യേശു പ്രസംഗരൂപേണ ബൈബിൾ പഠനം നടത്തിയപ്പോൾ അതിൽ പങ്കെടുത്തിരുന്നെങ്കിൽ കൊള്ളാമായിരുന്നു എന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ? മശിഹയെ പ്രതീക്ഷിച്ചുകൊണ്ടു പ്രവചിച്ച മുന്നൂറിലധികം പ്രവചനങ്ങൾ പഴയ നിയമത്തിലുണ്ട്. ഒരുപക്ഷേ ആദ്യ പുസ്തകത്തിലെ ആദ്യ ഭാഗത്തു മോശെ എഴുതിയ "ആദ്യ സന്തതി" യുടെ വാഗ്ദാനംനൽകുവാനുള്ള കാരണം മനുഷ്യന്റെ വീഴ്ച്ചയായിരുന്നു എന്നു തുടങ്ങികാണും (ഉല്പത്തി 3:15) മലാഖി മുതലുള്ള പ്രവചനങ്ങളിൽ മശിഹക്കു മുൻപായി വരുന്നവരെക്കുറിച്ചും മുന്നറി

യിച്ചിരുന്നതു ചൂണ്ടികാണിച്ചിരിക്കാം (മലാഖി 3:1 മുതൽ). എന്തൊരു പ്രസംഗം ആയിരുന്നിരിക്കും അത്!

യേശു അവരെ എങ്ങനെ പഠിപ്പിച്ചു എന്നാണ് നിങ്ങൾ കരുതുന്നത്? "ഞാൻ എന്റെ ബൈബിൾ എടുക്കാം നിങ്ങൾ നിങ്ങളുടെ ബൈബിൾ എടുക്ക്. ഉല്പത്തി 3:15-ൽ എന്താണ് പറയുന്നത് ...?" എന്ന രീതി യിലാണോ, അല്ല ശരാശരി ആളുകൾക്കു തിരുവെഴുത്തുകൾ സ്വന്തമായി ഉണ്ടായിരുന്നില്ല. ഒരു ഭാഗം പോലുമില്ലായിരുന്നു. യേശു ഈ ആളുകൾക്കു തിരുവെഴുത്തിലൂടെ ഒരു സഞ്ചാരം നടത്താൻ സഹായിച്ചു.[22] തന്റെ തലയിൽ അവ ഉണ്ടായിരുന്നതുകൊണ്ടാണ്! അവൻ തിരുവെഴുത്തു വായിച്ചു മനഃപാഠമാക്കിയിരുന്നു. എന്നാൽ ഈ ശിഷ്യന്മാർക്കു തിരുവെഴുത്തുകൾ സുപരിചിതമായിരുന്നു.[23] യേശു ഓരോന്നും എടുത്തു ഉദ്ധരിച്ചപ്പോൾ, അവർ "അതു ശരിയാണ്! തിരുവെഴുത്തിൽ പറഞ്ഞിട്ടുള്ളതു ഈ അപരിചിതൻ പറയുന്നതാണല്ലൊ! ഞങ്ങൾ അങ്ങനെ വിചാരിച്ചില്ലല്ലോഎന്ന് അവർ ഓർത്തു കാണും!"

ഈ യാത്രക്കാരെ യേശു പഴയനിയമത്തിലൂടെ കൊണ്ടു പോയി. അവരുടെ ഹൃദയങ്ങളിലേക്കു വീണ്ടും പ്രത്യാശയുടെ കിരണങ്ങൾപതിച്ചു. പിന്നീട് അവർ പറഞ്ഞതു ശ്രദ്ധിക്കുക: "അവൻ വഴിയിൽ വെച്ചു നമ്മോടു സംസാരിച്ചു തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ എന്നു അവർതമ്മിൽ പറഞ്ഞു?" (വാക്യം 32). ഏതാണ്ട് ഇല്ലാതായ പ്രത്യാശാകിരണങ്ങൾ വീണ്ടും കത്താൻ തുടങ്ങി. സംഭവിച്ചതെല്ലാം ബോധ്യമാകാൻ തുടങ്ങി. ക്രൂശ് പരാജ യത്തിന്റെ തെളിവായിട്ടല്ല, തിരുവെഴുത്തുതെളിയിക്കുന്നതു, മറിച്ച് വിജയത്തിന്റെ ഉറപ്പായിട്ടാണ്. കൂടാതെ വചനം പഠിപ്പിച്ചതു മശിഹാ യുടെ മരണശേഷം അവൻ ഉയിർത്തെഴുന്നേല്ക്കും എന്നാണ്. പ്രത്യാശ വീണ്ടും ജ്വലിച്ചു തുടങ്ങി!

## പ്രത്യാശ തിരിച്ചറിഞ്ഞു
## (ലൂക്കൊസ് 24:28-32)

യേശു തിരുവെഴുത്തുകളെ ഈ രണ്ടു ശിഷ്യന്മാർക്കു തുറന്നു കൊടുത്തുകൊണ്ടു അവരുടെ ലക്ഷ്യത്തിൽ അവർ എത്തി യെന്നു തിരിച്ചറിഞ്ഞു. "അവർ പോകുന്ന ഗ്രാമത്തോടടുത്തു" (വാക്യം 28). സമയം വളരെ പെട്ടെന്നു കടന്നു പോയതു അവർ അറിഞ്ഞില്ല.

"അവൻ [യേശു] മുമ്പോട്ടു പോകുന്ന ഭാവം കാണിച്ചു" (വാക്യം 28). യേശു അവരുമായി കളിക്കുകയായിരുന്നില്ല. അവന്റെ സ്വഭാവം എല്ലാ സാഹചര്യത്തിലെപോലെയും സ്ഥിരമായി തന്നെയിരുന്നു. യേശു ആരെയും ഒന്നും നിർബ്ബന്ധിച്ചിരുന്നില്ല. ആ ശിഷ്യന്മാർ അവന്റെ

സംസാരത്തിനുശേഷം നിർബന്ധിച്ചില്ലായിരുന്നെങ്കിൽ അവൻ അവരോടൊപ്പം നില്ക്കുമായിരുന്നില്ല. ഇതു സംഭവത്തിന്റെ ഗൗരവമായ ഭാഗമാണ്!യേശു പോയിരുന്നെങ്കിൽ അവർ ഒരിക്കലും ഉയിർത്തെഴുന്നേറ്റ കർത്താവിനോടുകൂടെ ആയിരുന്നു എന്നറിയുകയില്ല. അതുപോലെ ദൈവത്തിനു നിങ്ങളോട് ഒരു പദ്ധതിയുണ്ട്.[24] (പക്ഷേ ആ പദ്ധതി അവൻ നിങ്ങളെ നിർബ്ബന്ധിക്കയില്ല. നിങ്ങളുടെ ജീവിതം ദൈവേഷ്ടമനുസരിച്ചായിരിക്കണമെന്ന് നിങ്ങൾ തന്നെ തീരുമാനിക്കണം. ഇല്ലെങ്കിൽ ദൈവം നിങ്ങൾക്കു വേണ്ടിശേഖരിച്ചു വെച്ചതു നിങ്ങൾ അറിയുകയില്ല!)

"അവർ അവനോട് അപേക്ഷിച്ചു, പകൽ തീരാറായി, വൈകുന്നേരമാകയാൽ 'ഞങ്ങളോടു കൂടെ വന്നു പാർക്ക' " (വാക്യം 29). കെജെവിയിൽ''അവർ അവനോടു ശക്തമായി അപേക്ഷിച്ചു'' (എംഫസിസ്മൈൻ). ആരെങ്കിലും നമ്മോടൊപ്പം വന്നു പാർക്കണമെന്നുണ്ടെങ്കിൽ അവരെ നിർബ്ബന്ധിക്കേണ്ടതു എങ്ങനെ എന്നു നമുക്കറിയാം അല്ലേ?മറിച്ചുനമ്മുടെ മര്യാദയും ആഹാരവും ചെലവാക്കണ്ട എന്നാണെങ്കിലും നമുക്കറിയാം. ചിലരോട് "പിന്നെ വന്നു കാണാൻ പറയും." അല്ലെങ്കിൽ ''ഉച്ചഭക്ഷണത്തിനായി കൊണ്ടുപോകും.'' ഈ രണ്ടു ശിഷ്യന്മാർ യേശുവിനെ *നിർബ്ബന്ധിച്ചു.* അവർ പറഞ്ഞതു''നേരം വൈകി അസ്തമിപ്പാറായല്ലോ വഴി കാണാൻ തന്നെ പ്രയാസം. കൂടാതെ പുറമെ കള്ളന്മാരിൽ നിന്നുള്ള ആപത്ത് വന്യമൃഗങ്ങളുടെ ആപത്ത് ആകയാൽ വന്നു രാത്രി ഞങ്ങളോടു കൂടെ സമയം ചെലവഴിക്കുക!"

യേശു അവരുടെ അപേക്ഷയ്ക്കു വഴങ്ങി. "അവൻ അവരോടു കൂടെ പാർപ്പാൻ ചെന്നു" (വാക്യം 29). തന്നെ ക്ഷണിക്കുന്നവരുടെ ജീവിതത്തിലേക്കു അവൻ ചെല്ലും (വെളിപ്പാട് 3:20).[25]

"അവരുമായി ഭക്ഷണത്തിനിരിക്കുമ്പോൾ അവൻ അപ്പം എടുത്തു അനുഗ്രഹിച്ചു നുറുക്കി അവർക്കു കൊടുത്തു. ഉടനെ അവരുടെ കണ്ണു തുറന്നു" (വാക്യം 30). സാധാരണ ആതിഥേയരാണ് ആഹാരത്തിനു നന്ദി കരേറ്റി വിതരണം ചെയ്യുന്നത്. എന്നാൽ ഇവർ യേശുവിൽ ആകൃഷ്ടരായി അവനെ ആതിഥേയനാക്കുകയായിരുന്നു. മുൻപു പലപ്പോഴും യേശു ചെയ്തതു ഇവിടെയും ചെയ്തു. അയ്യായിരം പേരെ പോഷിപ്പിച്ചപ്പോൾ, അതേ വാക്കുകളാണ് ഇവിടെ ഉപയോഗിച്ചത് (ലൂക്കൊസ് 9:16). കർത്തുമേശ സമയത്തും ഉപയോഗിച്ചതു ഈ വാക്കുകൾ തന്നെ. യേശുവിനോടു കൂടെ സഞ്ചരിച്ചിരുന്നവർ യേശു നുറുക്കി കൊടുക്കുന്നതു ഇതിനു മുൻപ് നൂറുകണക്കിനു പ്രാവശ്യം കണ്ടിട്ടുണ്ട്.

യേശു അപ്പം എടുത്തു വാഴ്ത്തിയ വാക്കുകൾ അവൻ ആരായിരുന്നു എന്നു പെട്ടെന്നു തിരിച്ചറിയുമാറാക്കി. ''അവരുടെ കണ്ണുകൾ തുറന്നു[26]അവനെ തിരിച്ചറിഞ്ഞു" (വാക്യം 31). അവനെ

ആദ്യം എന്തു കൊണ്ടു തിരിച്ചറിഞ്ഞില്ല എന്നു നമുക്കറിഞ്ഞുകൂടാ. അവനെ ഇപ്പോൾ പെട്ടെന്നു തിരിച്ചറിഞ്ഞതെന്തുകൊണ്ടാണെന്നും അറിയില്ല. 35-ാം വാക്യം പറയുന്നതു"*അപ്പം നുറുക്കയിൽ* അറിയായ്‌വന്നു" (എംഫസിസ്മൈൻ) എന്നാണ്. യേശു അപ്പം നുറുക്കി കഷണങ്ങൾ കൊടുക്കുന്നതു ഒരുപക്ഷേ പ്രത്യേകരീതിയിലായിരുന്നിരിക്കാം. ഉദാഹരണത്തിനു "നമ്മുടെ പിതാവേ" (മത്തായി 6:9) എന്നു പറയുന്ന തിനു പകരം "എന്റെ പിതാവേ" (യോഹന്നാൻ 10:29). എന്നായിരിക്കാം പറഞ്ഞതു. ഒരു പക്ഷെ യേശു അപ്പം കയ്യിൽ എടുത്തപ്പോൾ യേശുവിന്റെ കയ്യിൽ ആണിപ്പഴു തുകൾ കണ്ടിരിക്കാം. യേശു തന്റെ കയ്യിൽ അപ്പം എടുത്തപ്പോൾ ദൈവിക നിയന്ത്രണം ഒരുപക്ഷേ നീക്കിയേക്കാം (വാക്യം 16). എങ്ങനെ എന്നു ശരിയായി എനിക്കറിഞ്ഞു കൂടാ. പക്ഷേ അതു യേശുവാണെന്നു പെട്ടെന്നു അവർക്കു മനസിലായി.[27] സംശയം ഇല്ല! യേശു ഉയിർത്തെഴുന്നേറ്റു!

അടുത്ത പ്രസ്താവന പരമോന്നതമായി ആദ്യം തോന്നിയിരിക്കാം. ഒരിക്കൽ അവർ യേശുവിനെ തിരിച്ചറിഞ്ഞപ്പോൾ അവ ർക്കു കൂടുതൽ നിർദ്ദേശങ്ങൾ കൊടുക്കുന്നതിനോ അവരെ പ്രോത്സാഹിപ്പിക്കുന്നതിനോ തുനിയുന്നതിന്നു പകരം നാം വായിക്കുന്നത് "അവൻ അവർക്കു അപ്രത്യക്ഷനായി" (വാക്യം 31) എന്നാണ്. ഇതിനർത്ഥം അവൻ എഴുന്നേറ്റു വാതിൽ കടന്നു പുറത്തുപോയി എന്നല്ല. മറിച്ചു ഒരു സെക്കന്റ് അവൻ അവിടെ ഉണ്ടായിരുന്നു. അടുത്ത നിമിഷം അവൻ ഇല്ലാതായി. അവൻ പോയി! തെളിവ്!

ഈ രണ്ടു ശിഷ്യന്മാരെ വിട്ടുകളഞ്ഞിരുന്നില്ല. വാക്യം 36 പറയുന്നത് അന്നു രാത്രി ക്ലെയോപ്പാവും കൂട്ടാളിയും അപ്പൊസ്തലന്മാരോടൊപ്പം ആയിരുന്നപ്പോൾ യേശു അവർക്കു വീണ്ടും പ്രത്യക്ഷനായി, യേശു ശിഷ്യന്മാർക്കു ഒരു സന്ദേശം അയക്കുകയായിരുന്നു. തന്റെ മരണത്തിനു മുൻപ് ജഡത്തിലായിരുന്നപ്പോൾ യേശുവിനു പരിമിതിയുണ്ടായിരുന്നു. അവരെ പോലെ അവൻ മനുഷ്യകാലുകളിൽ സഞ്ചരിച്ചു. മനുഷ്യകൈകളാൽ പ്രവർത്തിച്ചു, മനുഷ്യ കണ്ണുകൾ കൊണ്ടു കണ്ടു. ഇപ്പോൾ അവൻ ഉയിർത്തെഴുന്നേറ്റ ശരീരത്തോടെയാണ്. അവന്നു മരത്തിൽ കൂടെയും കല്ലിൽക്കൂടെയും പോകാം; തന്റെ ഇഷ്ടംപോലെ പ്രത്യക്ഷനാകാം, അപ്രത്യക്ഷനാകാം! സന്ദേശം "ഞാൻ ഇപ്പോൾ പരിമിതിയില്ലാത്തവനാണ്!എന്നത്രേ. എനിക്കു എവിടെയും എല്ലായിടത്തും ആയിരിക്കാൻ കഴിയും ഞാൻ സ്വർഗ്ഗാരോഹണം ചെയ്യുന്നുവെങ്കിലും നിങ്ങൾ എവിടെയാണെങ്കിലും നിങ്ങളെ സഹായിക്കുവാനും ശക്തീകരിക്കാനും കഴിയും." ഈ സന്ദേശമാണ് നമുക്ക് എല്ലാവർക്കും ആവശ്യം.

ഇപ്പോൾ ഈ രണ്ടു ശിഷ്യന്മാർക്കു എല്ലാം വ്യക്തമായി. "അവൻ നമ്മോടു തെളിയിക്കുമ്പോൾ 'നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ കത്തിക്കൊണ്ടിരുന്നില്ലയോ എന്നു അവർ തമ്മിൽ പറഞ്ഞു?'" (വാക്യം 32). 31-ാം വാകൃത്തിലെ[28] "തുറന്നു" എന്ന വാക്കുതന്നെയാണ് "തെളിയിച്ചു" എന്നതും ഉപയോഗിച്ചിരിക്കുന്നതു. തിരുവെഴുത്തു തുറന്നതോടെ അവരുടെ കണ്ണുകളും തുറന്നു.

## പ്രത്യാശ ആവർത്തിച്ചഭ്യസിപ്പിച്ചു
## (ലൂക്കോസ് 24:33-36)

എമ്മവുസിലെ രണ്ടു ശിഷ്യന്മാരുടെ ഹൃദയങ്ങളിൽ കത്തിക്കൊണ്ടിരുന്നതു അവരിൽ തന്നെ ഒതുക്കി നിർത്താൻ അവർക്കു കഴിഞ്ഞില്ല. അതു പങ്കിടുവാനുള്ളതായിരുന്നു - അടുത്ത ദിവസമല്ല ആ രാത്രി തന്നെ! (ആരോ പറഞ്ഞിട്ടുള്ളതു, ക്രിസ്തീയ സന്ദേശം പങ്കിടുന്നതു വരെ നിങ്ങളുടേതല്ല എന്നാണ്). "ആ നാഴികയിൽ തന്നെ [ഉടനെ] അവർ യെരുശലേമിലേയ്ക്കു പോയി" (വാക്യം 33). അവർ യേശുവുമായി സംസാരിച്ചതും രാത്രിയിൽ സഞ്ചരിച്ചുകൂടാ എന്നതും അവർ മറന്നു പോയിരിക്കാം. അവർ ഇരുട്ടിൽ തന്നെ വേഗം നടന്നു. നടന്നു തന്നെ മൈലുകളോളം നടന്നു പോയിരിക്കാം. ഇപ്പോൾ അവർ ദ്രുതഗതിയിൽ മണിക്കൂറുകൾ യാത്ര ചെയ്യേണ്ട ഏഴു മൈൽ യാത്രയിലാണ്.

ക്ലെയോപ്പാവും കൂടെയുള്ള ആളും "പതിനൊരുവരോടും[29] മറ്റുള്ളവരോടും ചേർന്നു" (വാക്യം 33) അന്നു രാത്രി, പത്തോ, പതിനൊന്നോ, പന്ത്രണ്ടു മണിയോ ആയേക്കാം. യെരുശലേമിലെ ശിഷ്യന്മാർ സമയത്തെ കുറിച്ചു ശ്രദ്ധിക്കാത്തവരായിരുന്നു. അവരെല്ലാം അസാധാരണ സംഭവങ്ങളെ ശേഖരിച്ചു അവലോകനം ചെയ്തു കൊണ്ടിരുന്നു. 34-ാംവാക്യം പറയുന്നതു, അവർ തമ്മിൽ പറഞ്ഞിരുന്നു എന്നാണ് "കർത്താവു വാസ്തവമായി ഉയിർത്തെഴുന്നേറ്റു ശിമോനു പ്രത്യക്ഷനായി." പുതിയ സംഭവവികാസങ്ങൾ,[30] പത്രൊസിനു കർത്താവു പ്രത്യക്ഷമായതു എല്ലാം അവർ ചർച്ച ചെയ്തു കൊണ്ടി രുന്നു. ഈ സമയത്തു മറ്റെല്ലാ ശിഷ്യന്മാരും വിശ്വസിച്ചിരുന്നില്ല എന്നു മർക്കൊസിന്റെ വിവരണം വ്യക്തമാക്കുന്നു (മർക്കൊസ് 16:11, 14).

ഈ രണ്ടു യാത്രക്കാരും അവരുടെ അനുഭവം കൂട്ടിച്ചേർത്തു. "വഴിയിൽ സംഭവിച്ചതും അവൻ അപ്പം നുറുക്കുകയിൽ തങ്ങൾക്കു അറിയായ് വന്നതും അവർ വിവരിച്ചു പറഞ്ഞു" (വാക്യം 35). എല്ലാവരും മുൻപോട്ട് ചാഞ്ഞു ആകാംഷയോടെ കാതോർത്തിരിക്കുന്നതു എനിക്കു ഊഹിക്കാം. ചിലരുടെ മുഖത്തു ബോധ്യമായതു പോലുള്ള ഭാവം. മറ്റു ചിലർ ഇപ്പോഴും ഇടർച്ചയിൽ തന്നെ മർക്കൊസ്16:13പറ

യുന്നു "[ക്ലെയോപ്പാവും, കൂട്ടാളികളും] പോയി ശേഷമുള്ളവരോട് അറിയിച്ചു. അവരുടെ വാക്കും അവർ വിശ്വസിച്ചില്ല." ഒരു കാര്യം ഉറപ്പാണ്: ക്ലെയോപ്പാവും കൂട്ടാളികളുംതങ്ങളുടെ വിശ്വാസത്തിൽ ഇടറിയില്ല. അവർ കർത്താവിനെ തിരിച്ചറിഞ്ഞു; അവൻ ഉയിർത്തെഴുന്നേറ്റു എന്ന് അവർ അറിഞ്ഞു![31]

"അവർ സംസാരിച്ചു കൊണ്ടിരുന്നപ്പോൾ, യേശു അവരുടെ നടുവിൽ നിന്നു" (വാക്യം 36). ഈ സംഭവം തുടരുവാൻ സമയം നമ്മെ അനുവദിച്ചില്ല. നമ്മുടെ പാഠം – രണ്ടു വ്യക്തികൾ പ്രത്യാശ നഷ്ടപ്പെട്ടു യാത്ര തുടങ്ങുന്നു, അവസാനിപ്പിക്കുന്നതു പ്രത്യാശ ഉള്ളവരായിട്ടാണ് എന്നു പറഞ്ഞു ഇവിടെ അവസാനിപ്പിക്കണം!

**ഉപസംഹാരം**

നിങ്ങളുടെ വിശ്വാസത്തിന്റെ അവസ്ഥ എന്താണെന്നു എനിക്കറിഞ്ഞു കൂടാ – അതു കത്തി ജ്വലിക്കുകയാണോ, അതോ മിന്നിക്കൊണ്ടിരിക്കുകയാണോ, അതോ ഇല്ലാതാകുകയാണോ. എമ്മവുസിലെ ശിഷ്യന്മാരെപോലെ, പ്രത്യാശ നിർജ്ജീവമാണെങ്കിൽ, അതിനെ വിശ്വാസ നങ്കൂരത്താൽ നവീകരിക്കാം. വിശ്വാസം യേശുവിന്റെ ഉയിർത്തെഴുന്നേല്പിന്റെ അടിസ്ഥാനത്തിലായിരിക്കണം. പത്രൊസ് എഴുതി, "അവൻ മരിച്ചവരുടെ ഇടയിൽ നിന്നുള്ള യേശു ക്രിസ്തു *അവന്റെ പുനരുത്ഥാനത്താൽ തന്റെ കാരുണ്യധിക്യപ്രകാരം നമ്മെ ജീവനുള്ള പ്രത്യാശയ്ക്കായി വീണ്ടും ജനിപ്പിച്ചിരിക്കുന്നു"* (1 പത്രൊസ് 1:3; എംഫസിസ് മൈൻ).

ഉയിർത്തെഴുന്നേല്പ് സ്പർശിച്ചിരിക്കുന്നതു വിശ്വസിപ്പാൻ പല കാരണങ്ങൾ ഉണ്ട്, ശൂന്യമായ കല്ലറ എന്ന സത്യം, അവിശ്വാസികളായിരുന്ന യേശുവിന്റെ ശിഷ്യന്മാരുടെ ജീവിതത്തിൽ സംഭവിച്ച നാടകീയമായ മാറ്റം. കുറ്റം ആരോപിക്കാൻ പറ്റാത്ത സാക്ഷികളുടെ സാക്ഷ്യം.[32] വിജയകരമായ നമ്മുടെ വേദഭാഗത്തിലെ 34–ാംവാക്യം വിശ്വസിക്കാൻ ഏറെ കാരണങ്ങൾ ഉണ്ട്: "കർത്താവു വ്യത്യസ്തമായി ഉയിർത്തെഴുന്നേറ്റു"!

അപ്പത്തെക്കുറിച്ചുള്ള അറിവു നമ്മുടെ വിശപ്പടക്കുന്നില്ല, വെള്ളത്തെക്കുറിച്ചുള്ള അറിവ് ദാഹം ശമിപ്പിക്കുന്നില്ല. അതുപോലെ ഉയിർത്തെഴുന്നേല്പ്പിനെകുറിച്ചുള്ള നമ്മുടെ അറിവു കൊണ്ടു നമ്മുടെ ഹൃദയത്തിനു പ്രത്യാശ ലഭിക്കുന്നില്ല. നിങ്ങൾ വിശ്വസിക്കയും, അതു പ്രകടിപ്പിക്കയും വേണം. വെള്ളമാകുന്ന കല്ലറയിൽ മുങ്ങി അവനോടുകൂടെ ഉയിർത്തെഴുന്നേറ്റു ജീവന്റെ പുതുക്കത്തിൽ ഓരോ ദിവസവും നടക്കണം (റോമർ 6:3–6).

ക്ലെയോപ്പാവും കൂട്ടാളിയും വീട്ടിൽ യേശുവിനോടൊപ്പം ഇരുന്നു. സാധാരണ ആഹാരത്തിൽ സാധാരണഅപ്പം, സാധാരണ വീടു

മായിരുന്നു. പിന്നെ ചില അസാധാരണ സംഭവം ഉണ്ടായി. ഇന്നു നിങ്ങൾക്കു ഒരു സാധാരണ ദിവസമാകാം. എന്നാൽ നിങ്ങൾ കർത്താവിനു കീഴ്പ്പെട്ടാൽ അതു അസാധാരണമായ ഒന്നായേക്കാം![33]

---

കുറിപ്പുകൾ

[1]KJV യിൽ "ആശ്രയിച്ചു," എന്ന വാക്കാണുള്ളത്. പക്ഷേ മൂലഭാഷയിൽ "പ്രത്യാശ" എന്നാണുള്ളത്. [2]എമ്മവുസിലേക്കു യാത്ര ചെയ്തുകൊണ്ടിരുന്ന രണ്ടു പേർക്കു യേശു പ്ര. ത്യക്ഷനാകുന്നതിനു മുൻപ് മഗ്ദെലനമറിയക്കും മറ്റു സ്ത്രീകൾക്കും യേശു പ്രത്യക്ഷനായി എന്നു മറ്റു സുവിശേഷ വിവരണങ്ങളിൽ പറയുന്നു. യേശുവിന്റെ ഉയിർപ്പിന്റേയും പ്രത്യക്ഷതയുടേയും പൂർണ്ണവിവരം ഒരാൾക്കു ലഭിക്കണമെങ്കിൽ സുവിശേഷങ്ങൾ എല്ലാം ചേർത്തു ഒരാൾ മനസിലാക്കേണ്ടതുണ്ട്. [3]നമുക്കു ക്ലെയോപ്പാവിനെകുറിച്ചു കൂടുതലൊന്നും അറിഞ്ഞുകൂടാ. ഒരു പാരമ്പര്യം പറയുന്നതു അവൻ യോസേഫിന്റെ സഹോദരനായിരുന്നു എന്നാണ്. അതായതു യേശുവിന്റെ അങ്കിളായിട്ടുവരും. പക്ഷേ ഇതു വിശ്വസിക്കാൻ കാര്യമായ തെളിവുകൾ ഇല്ല. [4]ചില പുരാതന പാരമ്പര്യം പറയുന്നതു, പേരു സൂചിപ്പിക്കാത്ത ശിഷ്യൻ ലൂക്കോസ് ആയിരുന്നു എന്നാണ്. പക്ഷേ "*നമ്മുടെ* പ്രമാണിമാർ" എന്ന പ്രയോഗം (വാക്യം 20) സൂചിപ്പിക്കുന്നതു, രണ്ടുപേരും യഹൂദന്മാരായിരുന്നു എന്നാണ് (ലൂക്കോസ് ഒരു ഗ്രീക്കുകാരനാകാനാണ് സാദ്ധ്യത). ചിലർ, പേരു പറയാത്ത ശിഷ്യൻ പത്രൊസ് ആയിരുന്നു എന്നു കരുതുന്നുണ്ട്. എന്നാൽ 34-ാം വാക്യം ആ സാദ്ധ്യതയും ഇല്ലാതാക്കുന്നതാണ്. സാധാരണ, ഈ പേർ പറയുന്ന ആളെ പുരുഷനായി കണക്കാക്കുന്നുണ്ട്. NASB പറയുന്നതു "ബുദ്ധിഹീനരേ" എന്നാണ് (വാക്യം 25), "മനുഷ്യർ" എന്നു തർജ്ജിമക്കാർ ചേർത്തതാകാം. 29-ാം വാക്യം സൂചിപ്പിക്കുന്നതു അവർ ഒരേ വീട്ടിൽ താമസിച്ചിരുന്നു എന്നതാണ്. അതുകൊണ്ടു "ക്ലെയോപ്പാവിന്റെ ഭാര്യ"യെന്നു നമുക്കു ഊഹിക്കാം. [5]28ഉം 29ഉം വാക്യങ്ങളിൽ നിന്നു അവരുടെ വീട് എമ്മവുസിൽ ആയിരുന്നു എന്നു നമുക്കു അറിയാം. [6]എമ്മവുസ് എവിടെ ആയിരുന്നു എന്നു നമുക്കു തീർച്ചയില്ല. പല പണ്ഡിതന്മാരും വിചാരിക്കുന്നതു അതു യെരുശലേമിന്നു പടിഞ്ഞാറോ, വടക്കുപടിഞ്ഞാറോ ആയിരിക്കുമെന്നാണ്. ഇന്നു വിനോദസഞ്ചാരികൾ ആ സ്ഥാനം കാണിച്ചുകൊടുക്കുന്നതു ഏഴു മൈൽ ദൂരെയല്ല, പത്തൊൻപതു മൈൽ ദൂരെയാണ്. [7]പുതിയ സ്ഥലങ്ങൾ കാണുവാനും വ്യത്യസ്ത പ്രവർത്തികൾ ചെയ്യുവാനും എനിക്കിഷ്ടമാണ്. പക്ഷേ വീട്ടിൽ നിന്നകലുവാൻ എനിക്കു താല്പര്യമില്ല. ഞാൻ ദിവസങ്ങൾ മാത്രമല്ല എണ്ണുന്നത്; തീർക്കേണ്ട ജോലിയും എണ്ണും: "ഇനി ഈ ബെഡ്ഡിൽ മൂന്നുദിവസം മാത്രം, ഇനി ഈ കുളിമുറിയിൽ രണ്ടു പ്രാവശ്യം കൂടെ മാത്രം. നാലു ഷേവുകൾ മാത്രമാണ് ബാക്കി." ഞാൻ അവസാനം വീട്ടിലേക്കു യാത്ര തിരിക്കുമ്പോൾ, ഞാൻ സ്റ്റോപ്പുകൾ എണ്ണാൻ തുടങ്ങും: "പിന്നെ മണിക്കൂറുകൾ, മിനിറ്റുകൾ എന്നിങ്ങനെ!" [8]അവർ "ദുഃഖത്തോടെ" നിന്നു എന്നാണ് 17-ാം വാക്യം പറയുന്നതു. NIV പറയുന്നതു"അവരുടെ മുഖം [കുനിഞ്ഞിരുന്നു] എന്നാണ്." [9]മൂലഭാഷയിലെ ഭാഗമാണ് KJV പ്രതിഫലിപ്പിക്കുന്നതു. മറ്റു തർജ്ജിമക്കാർ പറഞ്ഞതു "അവർ അവനെ തിരിച്ചറിയാതവണ്ണം ആക്കിയിരുന്നു" എന്നാണ് (NIV); "തിരിച്ചറിയാതവണ്ണം അവരുടെ കണ്ണുകളെ ആക്കിയിരുന്നു" (RSV). [10]ഈ സംഭവം തുടങ്ങുമ്പോൾ, യേശു അവസാനം എല്ലാ ശിഷ്യന്മാർക്കും പ്രത്യക്ഷനായപ്പോൾ ആദ്യം അവർ വിചാരിച്ചതു ഒരു ഭൂതം ആയിരിക്കും എന്നാണ് (ലൂക്കോസ് 24:36).

[11]മത്തായി 12:38-40; യോഹന്നാൻ 2:19-21; മുതലായവ. [12]ഒരുപക്ഷേ ഈ വസ്തുതകളുടെ *യോജിപ്പും* - എല്ലാം മറ്റുള്ളവയും - കൊണ്ടു അവർക്കു യേശുവിനെ തിരച്ചറിയാൻ കഴിഞ്ഞില്ല. [13]മറ്റുള്ളവർ "യേശു" എന്ന് അക്കാലത്ത് വിളിച്ചിരുന്നതു ശ്രദ്ധിക്കുക. ("യേശു" എന്നതു "യോശുവ" എന്നതിന്റെ രൂപഭേദമാണ്) ആ അജ്ഞാതയാത്രക്കാര

നോടു ക്ലെയോപ്പാവ് യേശുവിനെ വിളിച്ചതു “നസ്രായനായ യേശു,” അല്ലെങ്കിൽ “നസ്രേ þ nm- nb tbi p” F ¶ nW(KJV, NIV, RSV). [14]പീലാത്തൊസിനേയും റോമൻ ഉദ്യോഗസ്ഥരേയും ഒരു യെഹൂദൻ “നമ്മുടെ പ്രമാണിമാർ” എന്ന് പറയുമെന്നകാര്യം സംശയമാണ്. ക്ലെയോപ്പാവ് റോമാക്കാർക്കു ക്രൂശീകരണത്തിലുള്ള പങ്കിനെയല്ല ഇവിടെ പറയുന്നത്. ഇന്നത്തെ “യെഹൂദ വിരോധികൾ” അത്തരം പ്രസ്താവന നടത്തുകയില്ല. എന്നാൽ ഒരു യെഹൂദനാണ് ആ പ്രസ്താവന നടത്തിയത്. ദുരഭിമാനവും മോശമായ പെരുമാറ്റവും ന്യായീകരിക്കുന്നതല്ല. എന്നാൽ യേശുവിനെ ക്രൂശിൽ തറെച്ച കുറ്റം യെഹൂദന്മാരിലും അവരുടെ പ്രമാണിമാരിലുമാണ് ബൈബിൾ ചുമത്തുന്നത് (പ്രവൃത്തി 2:23). [15]മത്തായി 16:21; 17:23; മുതലായവ. [16]പതിനൊരുവർ അടക്കമുള്ള യേശുവിന്റെ ശിഷ്യന്മാരുടെ എല്ലാം ഉള്ളിൽ ഉണ്ടായിരുന്ന വിഷമസന്ധി ഈ രണ്ടു പേരിൽ കൂടെ എടുത്തു കാണിക്കുകയാണ്. [17]KJV പറഞ്ഞിരിക്കുന്നതു “മന്ദബുദ്ധികളേ” എന്നാണ്. [18]ദി കോട്ടൺ പാച്ച് വെർഷൻ. [19]ജെയിംസ് ബർട്ടൺ കോഫ്മാൻ, *കമെന്ററി ഓൺ ലൂക്ക്* (അബിലിൻ, ടെക്സസ്.:A.C.U. പ്രസ്, 1975), 467. [20] “മശിഹ” എന്ന എബ്രായ പദത്തിന്റെ ഗ്രീക്കു രൂപഭേദമാണ് “ക്രിസ്തു”. രണ്ടിന്റേയും അർത്ഥം “അഭിഷിക്തൻ” എന്നാണ്.

[21]യുവാക്കളുടെ “ഡുലോർഡ്” എന്ന ഒരു പാട്ടിൽ “ക്രൂശ് സഹിച്ചില്ലെങ്കിൽ കിരീടം ധരിക്കാൻ സാദ്ധ്യമല്ല” എന്ന വാക്കുകൾ ഉൾപ്പെടുന്നു. “ഹെൽത്ത് ആന്റ് വെൽത്ത് ഗോസ്പെൽ” പ്രഖ്യാപിക്കുന്നവർ പഠിപ്പിക്കുന്നതു - വിശ്വസ്തനായ ക്രിസ്ത്യാനിക്കു ഒരു പ്രശ്നമുണ്ടായിരിക്കയില്ല എന്നാണ്. പക്ഷേ അപ്പൊസ്തലനായ പൗലോസ് പറയുന്നു, “നാം അനേക കഷ്ടങ്ങളിലൂടെ ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു” എന്നാണ് (പ്രവൃത്തി 14:22; എംഫസിസ് മൈൻ). [22]ഷണ്ഡൻ കൈവശമാക്കിയ ചുരുൾ യെശയ്യാവിന്റെ പുസ്തകം (പ്രവൃത്തി 8) അടങ്ങുന്നതാണ്. ഇതു തികച്ചും അസാധാരണവും നല്ല സംഖ്യ ചെലവിട്ടതുമായിരുന്നു. [23]ലൂക്കോസ് 2:52ഉം മറ്റു ഭാഗങ്ങളും പഠിപ്പിക്കുന്നതു യേശു വചന പരിജ്ഞാനത്തിലെത്തിയതു നാം പഠിച്ച വചന പരിജ്ഞാനത്തിലെത്തുന്നതുപോലെയാണെന്നു വിശ്വസിക്കുക. [24]വാസ്തവത്തിൽ അവരോടു കൂടെ പാർപ്പാൻ അവനെ നിർബന്ധിച്ചില്ലായിരുന്നെങ്കിൽ ഒരുപക്ഷേ നാം ക്ലെയോപ്പാവിനെ കുറിച്ചു കേൾക്കുകപോലുമില്ലായിരുന്നു! [25]തന്റെ ഇഷ്ടം ചെയ്യുന്നവരുടെ ജീവിതത്തിലേക്കാണ് യേശു കടന്നു വരുന്നത് (മത്തായി 7:21-23). [26]ഈ പ്രത്യേക പദപ്രയോഗം തിരുവെഴുത്തിൽ പലപ്പോഴും ഉപയോഗിച്ചിട്ടുണ്ട് (2 രാജാക്കന്മാർ 6:17) നമ്മിൽ പലരുടേയും കണ്ണുകൾ തുറക്കേണ്ടതുണ്ട്. [27]ദി കോട്ടൺ പാച്ച് വെർഷൻ പറഞ്ഞതു “ഇറ്റ് ഡാൺട് ഓൺ ദെം” എന്നാണ്. [28]KJV പറയുന്നതു, “അവൻ നമുക്കു തിരുവെഴുത്തു തുറന്നു തന്നു” എന്നാണ്. [29]“പതിനോരുവർ” എന്ന പ്രയോഗം യൂദാക്കു പകരം മറ്റൊരാൾ വരുന്നതുവരെ അപ്പൊസ്തവന്മാരെ വിളിച്ചിരുന്നതാണ്. അതിനുശേഷം അവർ വീണ്ടും “പന്തിരുവർ” ആയി. ഞാൻ ഇതു പറയാൻ കാരണം യേശു ആദ്യം പ്രത്യക്ഷനാ യപ്പോൾ അപ്പൊസ്തലന്മാരുടെ കൂട്ടത്തിൽ തോമാസ് ഇല്ലായിരുന്നു എന്ന ഒത്തു വാക്യം നിമിത്തമാണ്. [30]ഈ പ്രത്യക്ഷതയെ കുറിച്ചു നമുക്കറിയില്ല. എന്നാൽ പൗലൊസും 1 കൊരിന്ത്യർ 15:5-ൽ പറയുന്നുണ്ട്. ഇതു ബൈബിളിലെ പറയപ്പെടാത്ത വലിയ സംഭവങ്ങളിൽ ഒന്നാണ്. തന്നെ തള്ളിപ്പറഞ്ഞവന്നു അവൻ പ്രത്യേകമായി പ്രത്യക്ഷനായി!

[31]“തിരിച്ചറിഞ്ഞു” എന്ന 35-ാം വാക്യത്തിൽ ഗ്രീക്കുവാക്കു “അറിയുക” എന്ന വാക്കിന്റെ രൂപഭേദമാണ് (KJV നോക്കുക). [32]കർത്താവു നമുക്കു പ്രത്യേക പ്രത്യക്ഷത നല്കിയില്ല. എമ്മവുസിലേക്കു പോയ ശിഷ്യന്മാർക്കു പ്രത്യക്ഷനായി. എന്നാൽ ദൈവശ്വാസിയരേഖ, സംഭവിച്ചതിന്റെ ഉദ്ദേശം പൂർത്തിയാക്കി (യോഹന്നാൻ 20:30, 31). [33]ഒരു പ്രസംഗത്തിൽ ഞാൻ കുറിച്ചു, “ഇതു ഒരു സാധാരണ ഞായറാഴ്ച സാധാരണ കെട്ടിടം, സാധാരണ ഉപദേഷ്ടാവ് എന്നു തോന്നുന്നു. എന്നാൽ ഇതു നിങ്ങൾക്കു കർത്താവിന്നു കീഴ്പ്പെട്ടാൽ ഒരു അസാധാരണ ദിവസമായി തീരും!”